WEDNESDAY

08/10/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/10/2025

1. തിരുവനന്തപുരം ജില്ല ക്ഷീരകർഷക സംഗമം 2025-26 നെല്ലിമൂട് ആർ.വി.എം ആഡിറ്റോറിയത്തിൽ വച്ച് വിവിധ പരിപാടികളോടെ 2025 ഒക്ടോബർ 6,7,8 തീയതികളിലായി നടന്നു വരുന്നു. പ്രസ്തുത പരിപാടിയിൽ വിളംബര ഘോഷയാത്ര, കന്നുകാലി പ്രദർശനം, മൃഗസംരക്ഷണ ക്ഷീരവികസന കാർഷിക എക്സിബിഷൻ, ക്ഷീരസംഗമം, സെമിനാറുകൾ, ശില്പശാല, ഡെയറി ക്വിസ്, ക്ഷീരകർഷകരെ ആദരിക്കൽ, അവാർഡ്ദാനം, കലാസന്ധ്യ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിയുടെ മൂന്നാം ദിവസമായ ഇന്ന് (08-10-2025) ജില്ലാ ക്ഷീരകർഷക സംഗമം 2025-26ന്റെ ഉദ്ഘാടനം നെയ്യാറ്റിൻകര MLA കെ. ആൻസലൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ.അനിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. ഈ ചടങ്ങിൽ എം.പി ശശി തരൂർ, കോവളം MLA അഡ്വ. എം.വിൻസന്റ്, തിരുവനന്തപുരം ജില്ലാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഡി. സുരേഷ്കുമാർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ, ക്ഷീരകർഷകർ തുടങ്ങിയവർ പങ്കെടുക്കുന്നു.

2. തിരുവനന്തപുരം പിടിപി നഗറിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാന സർക്കാരിൻറെ റവന്യൂ വകുപ്പിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെൻറ്, അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനമായ ഒക്ടോബർ 13ന്, സംസ്ഥാനത്തെ കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. 1, 2, 3 സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് യഥാക്രമം 25000 രൂപ, 15000രൂപ, 10,000രൂപ ക്യാഷ് പ്രൈസും പ്രശംസാ പത്രവും സമ്മാനിക്കും. സമ്മാനദാനം ബഹു റവന്യൂ വകുപ്പ് മന്ത്രി നിർവഹിക്കും. ILDM ലെ പുതിയ ബാച്ച് ദുരന്തനിവാരണ എംബിഎ വിദ്യാർത്ഥികൾക്ക് അന്നേദിവസം Coat Wearing Ceremony കൂടി സംഘടിപ്പിക്കുന്നതാണ്. ക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ള കോളേജുകളിലെ ബിരുദ വിദ്യാർത്ഥികൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ / HoD യുടെ ശുപാർശ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹിതം ഒക്ടോബർ 8, വൈകുന്നേരം 5.00മണിക്കുള്ളിൽ, രണ്ടുപേർ ഉൾപ്പെടുന്ന ടീമുകൾ ആയി രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്യുന്നതിന് lldm.kerala.gov.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 8547610005 എന്ന ഫോൺ നമ്പറിലോ mbadmlldm@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

3. നെടുമങ്ങാട് ആനാട്, പനവൂർ പഞ്ചായത്തുകളെ സമ്പൂർണ്ണ കശുമാവ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയും, മൂഴി ടിഷ്യുകൾച്ചറൽ സൊസൈറ്റിയും സംയുക്തമായി നടപ്പിലാക്കുന്ന സൗജന്യ കശുമാവ് തൈകളുടെ വിതരണം ആരംഭിച്ചു. സൗജന്യമായി ലഭിക്കുന്ന കശുമാവ് തൈകൾ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ ആനാട് പഞ്ചായത്തിലെ മൂഴി ടിഷ്യകൾച്ചറൽ സൊസൈറ്റിയിൽ നിന്നും, പനവൂർ പഞ്ചായത്തിലെ കർഷകർ എപിജെ അബ്ദുൽ കലാം ജനകീയ കൾച്ചറൽ ഓർഗനൈസേഷനിൽ എത്തി കരമടച്ച രസീത് കോപ്പി, ആധാർ കോപ്പി എന്നിവയോടൊപ്പം പൂരിപ്പിച്ച അപേക്ഷ നൽകി

കശുമാവ് തൈ കൈപ്പറ്റാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 8921362802 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. റബ്ബർ വിപണനത്തിനും റബ്ബറുത്പന്ന നിർമാണത്തിനും റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകളെക്കുറിച്ചും ലൈസൻസുകളെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ചും അറിയാൻ താല്പര്യമുള്ളവർക്ക് കോൾ സെന്ററിലേക്ക് വിളിക്കാവുന്നതാണ്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് റബ്ബർ ബോർഡിലെ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പ്രിയ തോമസ് ഇന്ന് (2025 ഒക്ടോബർ 08 ബുധനാഴ്ച) രാവിലെ പത്തുമണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി പറയും. കോൾസെന്റർ ഫോൺ നമ്പർ 0481 2576622.

## പരിശീലന പരിപാടി

5. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 16, 17 തീയതികളിൽ ക്ഷീര സഹകരണ സംഘം ഭരണ സമിതി അംഗങ്ങൾക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

ff



പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 15-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ, തിരുവനന്തപുരം –695004. Email ID:principaldtctvm@gmail.com.

6. മലപ്പുറം ജില്ലയിലെ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **'ശാസ്ത്രീയ പോത്തുകുട്ടി പരിപാലനം'**എന്ന വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഒക്ടോബർ 14ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം.പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ **0494-296 2296**എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ മാസം 22, 23 തീയതികളിൽ "ശുദ്ധമായ പാൽ ഉൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഒക്ടോബർ 21-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം – 695004, Email ID:principaldtctvm@gmail.com

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. **കാർഷിക നിർദ്ദേശം** – **ഇഞ്ചിയിൽ മൂട്ടചീയൽ രോഗം** കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന്15 ഗ്രാം ബ്ലീച്ചിങ് പൗഡറും, 250 ഗ്രാം കുമ്മായവും കൂട്ടി കലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം